# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3848** **11/11/2019-ൽ മറുപടിക്ക്**

## ഉപയോഗശൂന്യമായ മരുന്നുകളുടെ സംസ്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | ആന്റിബയോട്ടിക് ഉൾപ്പെടെയുള്ള ഉപയോഗശൂന്യമായ മരുന്നുകൾ അലക്ഷ്യമായി വലിച്ചെറിയുന്നതു വഴി മരുന്നിലെ രാസപദാർത്ഥങ്ങൾ മണ്ണിലും ജലത്തിലും ലയിച്ച് വീണ്ടും മനുഷ്യനിലെത്തുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഉപയോഗിച്ചതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) | ഉപയോഗിച്ച കഴിഞ്ഞ് ബാക്കിയായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ പൊതുജനങ്ങളിൽ നിന്ന് ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് വേണ്ടി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഔഷധവ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggists Association (AKCDA) –യോട് ചേർന്ന് രൂപീകരിച്ച PROUD (Programme for Removal of Unused Drugs) എന്ന പദ്ധതിക്ക് 15/04/2019 -ൽ തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഇൻഡ്യയിൽ തന്നെ ആദ്യത്തെ സംരംഭമാണ്. സർക്കാരിന്റെ അംഗീകാരത്തോട്ടു കൂടി സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജില്ലയിലെ വിവിധ മെഡിക്കൽ സ്റ്റോറുകളിൽ ഇതിനായി പ്രത്യേകം രൂപകൽപ്പന ചെയ്ത് സ്ഥാപിച്ചിട്ടുള്ള മെഡിസിൻ ഡ്രോപ്പ് ബോക്സ്/ കളക്റ്റിംഗ് ബിന്നുകൾ മുഖാന്തരം ശേഖരിച്ച് ഉപയോഗശൂന്യമായ 3.5 ടണ്ണോളം മരുന്നുകൾ മംഗലാപുരത്ത് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തോടുകൂടെ പ്രവർത്തിക്കുന്ന 'Ramky Energy & Environment' മാലിന്യ സംസ്കരണ പ്ലാന്റിൽ ഒക്ടോബർ ആദ്യവാരം |

➡

എത്തിച്ച് ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ചിട്ടുണ്ട്. ഈ പ്രാരംഭ പദ്ധതിക്ക് പൊതുജനങ്ങളിൽ നിന്ന് നല്ല സഹകരണം ലഭിച്ചതിനെ തുടർന്ന് സംസ്ഥാനമൊട്ടാകെ ഇത്തരത്തിലുള്ള പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**